ഡിജിറ്റൽ ഇന്ത്യ വാരം

കേരള സർക്കാർ

# തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഇ–ഗവേർണൻസ് ആപ്ലിക്കേഷനുകളുടെ ഉദ്ഘാടനം

ബഹു: കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി
2015 ജൂലൈ 6–ന്
ഉച്ചയ്ക്ക് 12.30ന് നിർവ്വഹിക്കുന്നു.








സ്ഥലം: മസ്കറ്റ് ഹോട്ടൽ, തിരുവനന്തപുരം
(സിംഫണി ഹാൾ)

ബഹുമാന്യരെ,

രാജ്യത്താകമാനം ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്തി ഇ-ഭരണം ലക്ഷ്യമിടുന്നതിനായി 2015 ജൂലൈ 1 മുതൽ 7 വരെ ഭാരത സർക്കാർ ഡിജിറ്റൽ ഇന്ത്യ വാരം ആഘോഷിക്കുകയാണ്. ഇതിന്റെ ഭാഗമായി കേരള സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് ഗ്രാമ/നഗര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ-ഗവേർണൻസ് പദ്ധതികളുടെ ശാക്തീകരണത്തിനും സംവേദനത്തിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുകയാണ്. ഇതിനോടൊപ്പം വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2015 ജൂലൈ മാസം 6-ാം തീയതി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ (സിംഫണി ഹാൾ) ബഹു: പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പു മന്ത്രി ഡോ. എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വെച്ച് ബഹു: മുഖ്യമന്ത്രി **ശ്രീ. ഉമ്മൻചാണ്ടി** അവർകൾ നിർവ്വഹിക്കുന്നതാണ്. ഇതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേർണൻസ് ശാക്തീകരണത്തിനായുള്ള ചില നൂതന സംരംഭങ്ങളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. കെ.എം. മാണി, ശ്രീ. മഞ്ഞളാംകുഴി അലി എന്നിവർ നിർവ്വഹിക്കുന്നു.

ഈ പരിപാടിയിലേക്ക് താങ്കളുടെ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,

**ജയിംസ് വർഗ്ഗീസ്** IAS
പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി

**എ.പി.എം. മുഹമ്മദ് ഹനീഷ്** IAS
സെക്രട്ടറി, എൽ.എസ്.ജി.ഡി - നഗരകാര്യം

**പി.എം. അലി അസ്ഗർപാഷ** IAS
നഗരകാര്യ ഡയറക്ടർ

**എസ്. ലത**
പഞ്ചായത്ത് ഡയറക്ടർ (i/c)

# കാര്യപരിപാടികൾ

2015 ജൂലൈ മാസം 6-ാം തീയതി ഉച്ചയ്ക്ക് 12.30 മുതൽ
തിരുവനന്തപുരം മസ്കറ്റ് ഹോട്ടൽ (സിംഫണി ഹാൾ)

| | | |
|---|---|---|
| സ്വാഗതം | : | **ശ്രീ. ജയിംസ് വർഗ്ഗീസ് IAS**<br>പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി |
| അദ്ധ്യക്ഷൻ | : | **ഡോ. എം.കെ. മുനീർ**<br>ബഹു: പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പു മന്ത്രി |
| ഡി.ബി.റ്റി. പദ്ധതിയിലൂടെ സാമൂഹ്യസുരക്ഷ പെൻഷനുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം | : | **ശ്രീ. ഉമ്മൻചാണ്ടി**<br>ബഹു: മുഖ്യമന്ത്രി |
| 1970 മുതലുള്ള ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ കംപ്യൂട്ടർവൽക്കരണത്തിന്റെ പൂർത്തീകരണ പ്രഖ്യാപനം | : | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>ബഹു: വ്യവസായ, ഐ.റ്റി വകുപ്പു മന്ത്രി |
| തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിവിധ സേവനങ്ങൾ സംയോജിപ്പിക്കുന്നതിനായുള്ള 'സമന്വയ' സോഫ്റ്റ്വെയറിന്റെ ഉദ്ഘാടനം | : | **ശ്രീ. കെ.എം. മാണി**<br>ബഹു: ധനകാര്യ വകുപ്പു മന്ത്രി |
| വസ്തുനികുതി ഡിജിറ്റൈസേഷന്റെ ഉദ്ഘാടനം | : | **ശ്രീ. മഞ്ഞളാംകുഴി അലി**<br>ബഹു: നഗരകാര്യ വകുപ്പു മന്ത്രി |
| 'സഹായ' സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഉദ്ഘാടനം | : | **ശ്രീ. കെ. മുരളീധരൻ**<br>ബഹു: എം.എൽ.എ. |
| മുഖ്യാതിഥി | : | **അഡ്വ. കെ. ചന്ദ്രിക**<br>ആരാധ്യയായ തിരുവനന്തപുരം മേയർ |
| ഇ-ഗവേർണൻസ് ആപ്ലിക്കേഷനുകളുടെ അവതരണം | | |
| ആശംസകൾ | : | **ഡോ. കെ.എം. എബ്രഹാം IAS**<br>അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം |
| | : | **ശ്രീ. റ്റി. മോഹൻ ദാസ്**<br>സ്റ്റേറ്റ് ഇൻഫോമാറ്റിക്സ് ഓഫീസർ |
| കൃതജ്ഞത | : | **ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് IAS**<br>സെക്രട്ടറി, എൽ.എസ്.ജി.ഡി - നഗരകാര്യം |

## ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (DBT)

സംസ്ഥാനത്തെ 29 ലക്ഷം സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ ഗുണഭോക്താക്കൾക്ക് പ്രതിവർഷം പെൻഷൻ നൽകുന്നതിനായി വേണ്ടി വരുന്ന 2544 കോടി രൂപ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട്/പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്/ഇലക്ട്രോണിക് മണി ഓർഡർ എന്നിവ മുഖാന്തിരം വിതരണം ചെയ്യുന്ന പദ്ധതി.

ഡി.ബി.ടി. സംവിധാനത്തിലൂടെ വിതരണം ചെയ്യപ്പെടുന്ന സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (IGNOAP)
2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (IGNDPS)
3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ (IGNWPS)
4. 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ (UMWPS)
5. കർഷക തൊഴിലാളി പെൻഷൻ (ALP)

## ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ കംപ്യൂട്ടർ വൽക്കരണം

1970 മുതലുള്ള ജനന-മരണ-വിവാഹ രജിസ്ട്രേഷൻ മുൻകാല രേഖകളുടെ കംപ്യൂട്ടർ വൽക്കരണം സംബന്ധിച്ച് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സേവന' സോഫ്റ്റ് വെയറിലൂടെ സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകൾ, 5 കോർപ്പറേഷനുകൾ 60 മുനിസിപ്പാലിറ്റികൾ, കണ്ണൂർ കന്റോൺമെന്റ് ഉൾപ്പെടെയുള്ള 1044 രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്നും ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ ലഭ്യമാക്കുന്ന പദ്ധതി. സംസ്ഥാനത്ത് ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകൾ പൂർണ്ണമായും ഡിജിറ്റൈലസ് ചെയ്യുന്നതിന് കഴിഞ്ഞിരിക്കുന്നുവെന്നത് സംസ്ഥാനത്തെ വിവരസാങ്കേതിക വളർച്ചയുടെ മികവുറ്റ സംഭാവനയായി കണക്കാക്കാം.

## സമന്വയ

തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർ നിലവിൽ വിവധ തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് വ്യത്യസ്തയിനം ആപ്ലിക്കേഷനുകൾ ഉപയോഗിക്കേണ്ടതായി വരുന്നു. ഈ സാഹചര്യത്തിൽ ജോലിഭാരവും സമയനഷ്ടവും ലഘൂകരിക്കുന്നതിനായി ജീവനക്കാർക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ ആപ്ലിക്കേഷനുകൾ ഒരു വിൻഡോയിൽ ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് സമന്വയ. പഠനത്തിനും പരിശീലനത്തിനുമുള്ള സൗകര്യവും സമന്വയയിൽ ലഭ്യമാക്കിയിട്ടുണ്ട്.

## വസ്തുനികുതി ഡിജിറ്റൈസേഷൻ

കേരളത്തിലെ പഞ്ചായത്തുകളുടേയും, നഗരസഭകളുടേയും ഒരു കോടി ഇരുപത് ലക്ഷത്തിൽപരം വസ്തുനികുതി വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞു. http://tax.lsgkerala.gov.in എന്ന വെബ്സൈറ്റിൽ വാർഡ് നിലവിൽ വന്ന വർഷവും, കെട്ടിടത്തിന്റെ വാർഡ് നമ്പറും, ഡോർ നമ്പറും നൽകിയാൽ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കും. നിലവിലെ കെട്ടിട നികുതിയുടെ വിവരങ്ങളും, തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ നികുതിയുടെ വിവരങ്ങളും, കെട്ടിടത്തിനു നൽകിയിരിക്കുന്ന കെട്ടിട നമ്പറുകളും ഏകീകൃത കെട്ടിട നമ്പറിലേക്ക് ബന്ധിപ്പിച്ചാണ് ഡിജിറ്റൈസ് ചെയ്തിരിക്കുന്നത്. ഇപേയ്മെന്റായി വസ്തുനികുതി ഒടുക്കുന്നതിനുള്ള സംവിധാനവും ഓൺലൈനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്. 2015-16 വർഷത്തിൽ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുമുള്ള വസ്തു നികുതി ഇപേയ്മെന്റായി ഒടുക്കുന്നതിനുള്ള സംവിധാനം ഇതിലൂടെ ലഭ്യമാകുന്നതാണ്.

## സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഹാജർ, പഠന നിലവാരങ്ങൾ സമയബന്ധിതമായി രക്ഷകർത്താക്കളിലേക്ക് എസ്.എം.എസ്. വഴിയും ഇ-മെയിൽ വഴിയും എത്തിക്കുന്നതിനും വിദ്യാഭ്യാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള വെബ് അധിഷ്ഠിത സമഗ്ര പദ്ധതി.